## സ്ഥലചരിത്രം

### ഒല്ലൂക്കര ദേശം

പ്രസിദ്ധമായ തൃശ്ശൂരിലെ തേക്കിൻക്കാട്ടിൽ നിന്നും നാല് കിലോമീറ്റർ കിഴക്ക് മാറിയാണ് ഒല്ലൂക്കര സ്ഥിതി ചെയ്യുന്നത്. നമ്പൂതിരി ഇല്ലങ്ങളും വിവിധ അവർണ്ണ ഹിന്ദുസമുദായങ്ങളും ഉൾപ്പെട്ട ഒരു സമുദായമായിരുന്നു നിലനിന്നിരുന്നത്. 6 മേനകൾ ഈ ദേശത്തിന്റെ പ്രത്യേകതയാണ്. പെരുമ്പടപ്പ്, വെള്ളാനി, പേരാറ്റുപുറം, പടിഞ്ഞാറെ തറ,എളങ്ങന്നൂർ, വടക്കേടം എന്നിവയായിരുന്നു അവ. മനകളോട് ബന്ധമുള്ള ക്ഷേത്രങ്ങളും കുളങ്ങളും ഇപ്പോഴും നിലവിലുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് തിരുവാണിക്കാവ് ദേവി ക്ഷേത്രം എന്നിവ. പെരുമ്പടപ്പ് മനയ്ക്ക് ഓതിക്കൻമാൻ, വൈദികൻ തുടങ്ങിയ സ്ഥാനമാനങ്ങൾ കൊച്ചിരാജാവ് അനുവദിച്ചിരുന്നു. ഇവിടെ സാമൂഹ്യാചാരങ്ങളും നിലനിന്നിരുന്നു.

ജലസേചനത്തിനോട് ആശ്രയിച്ചിരുന്ന സമുച്ചങ്ങളായിരുന്ന ഈ പ്രദേശം നികത്തിയാണ് കര ഉണ്ടായതെന്നും, ഒല്ലൂരിന്റ കര ഒല്ലൂക്കരയായി പരിണമിച്ചതാണെന്നും അഭിപ്രായങ്ങൾ ഉണ്ട്. ഒല്ലൂക്കരയുടെ ഭാഗമായി രൂപം കൊണ്ട് മൂന്ന് കുളങ്ങൾ ഉണ്ട്. ഇലഞ്ഞിക്കുളം, ആനക്കുളം, അമ്പലക്കുളം എന്നിലയാണ് അവ. ഇലഞ്ഞിക്കുളത്തിന്റെ പുനരുദ്ധാരണം കൊച്ചിരാജാവ് 1982 ജന്മദിന സ്മരണയ്ക്കായി നടത്തുകയുണ്ടായി.

വാണിജ്യവുമായി ബന്ധപ്പെട്ടാണ് മിക്കവാറും മുസ്ളിങ്ങൾ ഈ പ്രദേശത്ത് എത്തിയിരുന്നത്. കാളത്തോടുള്ള മുസ്ളിംപള്ളിക്ക് 200 വർഷത്തിലേറെ പഴക്കമുള്ള മുക്കാട്ടുകര പള്ളിയുടെ കീഴിൽ 1931 തുടങ്ങിയ കപ്പോളയാണ് 1979ൽ മണ്ണുത്തി ഇടവകയായി തീർന്നത്. കൊച്ചിരാജാവ് മുൻകൈയെടുത്ത് 1938ൽ ആരംഭിച്ചതാണ് മണ്ണുത്തി കൃഷിത്തോട്ടം.നെല്ല്, കവുങ്ങ്, കുരുമുളക് എന്നിവയുടെ വിത്ത് ഉൽപാദന കേന്ദ്രമായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ കൃഷിത്തോട്ടത്തിനോടനുബന്ധിച്ച് ഒരു ഹോൾട്ടികൾച്ചർ സ്കൂൾ ഉണ്ടായിരുന്നു. കൃഷിത്തോട്ടത്തിന്റെ ഏതാനും ഭാഗങ്ങൾ 1957ൽ വെറ്റിനറി കോളേജിനും പിന്നീട് കാർഷിക സർവ്വകലാശാല രൂപീകരണത്തിനുമായി വിട്ടുകൊടുത്തു.

പറവട്ടാനി പ്രവൃത്തി പ്രദേശം 8 ആയി വിഭജിച്ചപ്പോൾ അതിലൊന്നായിരുന്നു ഒല്ലൂക്കരദേശം. 1972ൽ നടന്ന നെല്ലങ്കര കർഷകതൊഴിലാളിസമരം പ്രസിദ്ധമാണ്.

### ഒല്ലൂക്കര പഞ്ചായത്ത്

എ.ഡി-1740 - നമ്പൂതിരികളും അവർണ്ണ ഹിന്ദുക്കളുമടങ്ങുന്ന സാമൂഹികക്രമം.

1750-84 - ക്രിസ്ത്യാനികളുടേയും മുസ്ളിങ്ങളുടേയും വരവ്.

1900 - സാമൂഹിക പരിഷ്കരണ നവോത്ഥാന പ്രവർത്തകർ.

1908 - റവന്യൂ സെന്റിൽമെന്റ് രേഖ.

1930 - മദ്ധ്യവർജന സമരം.

1938 - കൃഷിത്തോട്ടം സ്ഥാപിച്ചു.

1945 - ഹിൽപാടി പദ്ധതി.

1947 - സ്വാതന്ത്ര്യസമര പ്രവർത്തനം.

1952 - സർക്കാർ കൃഷിത്തോട്ടത്തിലെ തൊഴിൽ സമരം.

1953 - ജനകീയ പഞ്ചായത്ത് രൂപികരണം.

1953-64 - അഡ്വ. പി. ബാലകൃഷ്ണമോനോൻ പഞ്ചായത്ത് പ്രസിഡന്റ്

1964-(10മാസം - വി.മാധവൻ നമ്പൂതിരി പഞ്ചായത്ത് പ്രസിഡന്റ്.

1964-1995 - കെ.ആർ. ചാക്കുണ്ണി പഞ്ചായത്ത് പ്രസിഡന്റ്.

1972 - നെല്ലങ്കര കർഷക തൊഴിലാളിസമരം.

1990 - 91 സാക്ഷരതാ പ്രവർത്തനം

1991-92 - ഭൂപട നിർമ്മാണം.

1995 മുതൽ - കെ.എം. കുഞ്ഞുമരയ്ക്കാർ പഞ്ചായത്ത് പ്രസിഡന്റ്.

**ഒല്ലൂക്കരയിൽ 10 പട്ടികജാതികളുണ്ട്**

1. പട്ടാളകുന്ന് എച്ച്.ഡി.പി. കോളനി.

2. മുല്ലക്കര ജറാം എച്ച്.ഡി.പി.കോളനി.

3. മുക്കാട്ടുകര പട്ടികജാതി കോളനി.

4. നെല്ലങ്കര പട്ടികജാതി കോളനി.

5. പനഞ്ചകം കോളനി.

6. നെല്ലങ്കര സെന്റിൽമെന്റ് കോളനി വൈലോപ്പിള്ളിനഗർ

**നെല്ലങ്കര**

നെല്ലങ്കര എന്ന സ്ഥലത്തിന് ഈ പേര് വരുവാൻ രണ്ട് കാരണങ്ങൾ പറയപ്പെടുന്നു.വൈലോപ്പിള്ളി ശ്രീധരമേനോന്റെ ജന്മസ്ഥലമായതു കൊണ്ടാണ് നെല്ലങ്കര എന്ന പേർ ലഭിച്ചതെന്നും പറയുന്നു. ഈ പ്രദേശത്ത് 100 വർഷം പഴക്കമുള്ള ഒരു ആൽ ഉണ്ട്. അതുകൊണ്ട് ഇതിനെ ആലിൻ വഴിയെന്നും, പുളിക്കത്തറയെന്നും പറയുന്നുണ്ട്. " തിമിത്തിയോസ് മെത്രാപോലീത്ത"യുടെ കാലത്ത് ഒരു കൽദായ സുറിയാനി പള്ളി ഉണ്ടായിരുന്നു. പിന്നീട് പള്ളിമാറ്റി അവിടെ ദുർഗ്ഗാജ്ഞരി ഹോൾ നിർമ്മിച്ചു. കിഴക്കുംപാട്ടുകര കുമ്മാട്ടികളിക്ക് വളരെ പ്രാധാന്യം ആണ്. നെല്ലങ്കര വൈലോപ്പിള്ളി നഗറിലുള്ള "കല്ലൻ " കുളത്തിൽ നിന്നാണ് കൃഷിക്ക് ആവശ്യമായ വെള്ളം ഉപയോഗിച്ചിരുന്നത്. ഈ ദേശത്ത് നാട്ടുവൈദ്യവും അമ്മൂമ വൈദ്യവും നടത്തിയിരുന്നു. ഇവിടുത്തെ പ്രധാന വിനോദം നാടൻ പന്തുകളിയാണ്. കിഴക്കുംപാട്ടുകരയിൽ ചുങ്കം പിരിവ് നടത്തിയിരുന്നു.

**കാളത്തോട്**

ആദ്യകാലത്ത് കാളത്തോട് ചുങ്കം എന്ന പേരിലാണ് അറിപ്പട്ടിരുന്നത്. ഇവിടെയുള്ള മുസ്ളിം പള്ളിക്ക് 200 വർഷത്തെ പഴക്കം ഉണ്ട്. കാളത്തോട് ഭാഗം ഉയർന്ന ഒരു കരഭാ ാഗവും താഴ്ന്നഭാ ാഗവും പാടവും ആയിരുന്നു. ഈ ഭാഗത്ത് ഒരു തോട് ഉണ്ടായിരുന്നുവെന്നും ഈ തോട്ടിലാണ് കാളകളെ കുളിപ്പിച്ചിരുന്നതെന്നും അതുകൊണ്ടാണ് കാളത്തോട് എന്ന പേർ ലഭിച്ചതെന്ന് പറയപ്പെടുന്നു. വളരെ പഴക്കമുള്ള ഒരു അനാഥശാലയും ഈ ഭാഗത്തുണ്ട്. 1952 ലാണ് കാളത്തോട് ഭാഗത്ത് ആദ്യമായി ഒരു സ്കൂൾ സ്ഥാപിതമായത്. " തൻവിയൽ ഇസ്ളാം സ്കൂൾ" എന്നായിരുന്നു സ്കൂളിന്റെ പേര്. പള്ളിയുടെ ആഭിമുഖ്യത്തിലാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ആനക്കുളത്തിനടുത്ത് ഒരു അത്താണിയും കൽത്താട്ടിയും ഉള്ളതായി പറയപ്പെടുന്നു. ടിപ്പുസുൽത്താന് മുൻപ് തന്നെ മുസ്ളിമുകൾ ഈഭാഗത്ത് താമസിച്ചിരുന്നതായി പറയപ്പെടുന്നു.

**കുർക്കഞ്ചേരി**

ചിയ്യാരം പി.ഡബ്ള്യൂ.ഡി. റോഡ് ആല്യംവെട്ടുവഴി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കൊച്ചി മഹാരാജാവിന്റെ കൽപന പ്രകാരം റോഡിന്റെ ഇരുവശങ്ങളിലും " പേരാൽ " മരങ്ങൾ ആയിരുന്നു. സ്ട്രീറ്റ് ലൈറ്റിനുപകരം പ്രധാന കവലകളിൽ ചിമ്മിനി വിളക്കുകൾ ആണ് ഉപയോഗിച്ചിരുന്നത്. റോഡിന്റെ പ്രധാനപ്പെട്ട കവലകളിൽ ഭാരം ഇറക്കിവെക്കുന്നതിനുള്ള അത്താണികളും വഴിയമ്പലങ്ങളും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. റോഡുകൾ മുദ്രപുരം (നടുക്ക്

കയറ്റം) മാതൃകയിൽ ആയിരുന്നതുകൊണ്ട് മഴ വെള്ളം കെട്ടിനിൽക്കാറില്ലായിരുന്നു. കുർക്കഞ്ചേരി ശ്രീമഹേശ്വര ക്ഷേത്രത്തിന്റെ തുടക്കക്കാരിൽ പ്രധാനിയായിരുന്നു ഓലക്കടവേലു.കൃഷിയിലും വ്യവസായത്തിലും പ്രമുഖനായിരുന്നു ഇദ്ദേഹം.

**നെട്ടിശ്ശേരി**

ഈ സ്ഥലത്ത് ആദ്യകാലത്ത് 30 വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇവിടെ 50 കൊല്ലത്തേതിൽ കൂടുതൽ പഴക്കമുള്ള ഒരു വിളക്കുകാൽ ഉണ്ട്. 300 കൊല്ലം പഴക്കമുള്ള ആൽമരവും ഈ ദേശത്തിന്റെ പ്രത്യേകതയാണ്. ഈ ആൽമരത്തിനെ "താണികുടത്ത് ഭഗവതിയുടെ " ആൽ എന്നാണ് പറയുന്നത്. പണ്ട് പാന കഴിച്ചിരുന്ന സ്ഥലമായിരുന്നു ഇത്. നെട്ടിശ്ശേരി അമ്പലത്തിൽ എട്ട് ഈശ്വരൻമാർ ഉണ്ടായിരുന്നുവെന്നും അതുകൊണ്ടാണ് നെട്ടിശ്ശേരി എന്ന പേര് വന്നതെന്നും പറയപ്പെടുന്നു.